A1/149/2024/CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.135/2025/CLAD തീയതി,തിരുവനന്തപുരം, 18-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.268/2024/സാം.കാ.വ. തീയതി 30.05.2024
2. സ.ഉ.(സാധാ) നം.352/2024/സാം.കാ.വ. തീയതി 04.07.2024
3. സ.ഉ.(സാധാ) നം.712/2024/സാം.കാ.വ. തീയതി 13.12.2024
4. സ.ഉ.(സാധാ) നം.724/2024/സാം.കാ.വ. തീയതി 19.12.2024
5. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല രജിസ്ട്രാറുടെ 24.02.2025 തീയതിയിലെ കെ.കെ.എം.ഡി.യു./എഫ്-1/522/2024 നമ്പർ കത്ത്

**ഉത്തരവ്**

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് 2024-25 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് എന്നിവയ്ക്കായി ₹19,50,00,000/-യിൽ (പത്തൊൻപത് കോടി അൻപത് ലക്ഷം രൂപ) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (2),(4) പ്രകാരം രണ്ടു ഗഡുക്കളായി 3,90,00,000/- രൂപ (മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി ഉത്തരവ് പ്രകാരം വകയിരുത്തിയിട്ടുള്ള തുക പ്രയോറട്ടൈസ് ചെയ്ത് 9,75,00,000/- രൂപയായി നിജപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കണമെന്ന് പരാമർശം (5) കത്ത് പ്രകാരം കേരള കലാമണ്ഡലം രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ലഭിച്ചിട്ടുള്ള ഘടകങ്ങൾക്ക് മാത്രമേ ചെലവഴിക്കുകയുള്ളൂ എന്ന നിബന്ധനയിന്മേൽ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയ്ക്ക് 2024-25 സാമ്പത്തിക വർഷം "2205-00-101-97-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക 04.01.2021 ലെ 1/2021/FIN നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ തലപ്പിള്ളി സബ് ട്രഷറിയിലുള്ള 799012700000334 എന്ന പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും

അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെകട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ,കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E2831654 EDN-C3/219/2024-FIN dated 11.03.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 18-03-2025 12:41:02